# കേരള സർക്കാർ

## ധനകാര്യ(ഭവന നിർമ്മാണ വായ്പ)വകുപ്പ്

## സർക്കുലർ

നം.103/2018/ധന                    തിരുവനന്തപുരം, തീയതി:07/11/2018.

വിഷയം:- സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കുമുള്ള ഭവന നിർമ്മാണ വായ്പ- 2018-19-ലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നുള്ള രണ്ടാം ഘട്ട ഭവന നിർമ്മാണ വായ്പ (2017-18) അലോട്ട്മെന്റ് - വായ്പാ തുക കൈപ്പറ്റുന്നതിനുള്ള സമയം ദീർഘിപ്പിക്കുന്നത് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന :1) 12/11/2009 തീയതിയിലെ ജി.ഒ.(പി)505/2009/ധന നമ്പർ ഉത്തരവ്.
2) 05/07/2018 തീയതിയിലെ വിവിധ സർക്കാർ വകുപ്പിലേക്കുള്ള ഭവന നിർമ്മാണ വായ്പാ അലോട്ട്മെന്റ് കത്ത്.
3) 04/10/2018-ലെ 91/2018/ധന നമ്പർ സർക്കുലർ.

2017-18 സാമ്പത്തിക വർഷത്തിലെ സംസ്ഥാനതല സംയോജിത ഭവന നിർമ്മാണ വായ്പാ മുൻഗണനാപ്പട്ടികയിലുള്ള ജീവനക്കാർക്ക് രണ്ടാം ഘട്ടമായി 2018-19-ൽ ഭവന നിർമ്മാണ വായ്പ അനുവദിക്കുന്നതിന് തുക വിവിധ സർക്കാർ വകുപ്പുകളിലേയ്ക്ക് സൂചന 2 പ്രകാരം അലോട്ട് ചെയ്തിട്ടുള്ളതും വായ്പാ തുക കൈപ്പറ്റുന്നതിനുള്ള സമയ പരിധി 31/10/2018-തീയതി വരെ സൂചന 3 പ്രകാരം ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതുമാണ്. എന്നാൽ ടി തീയതിക്കകം ചില വകുപ്പുകളിലെ ജീവനക്കാർക്ക് വായ്പാ തുക കൈപ്പറ്റുവാൻ സാധിച്ചിരുന്നില്ല. ആയതിനാൽ സൂചന-2) പ്രകാരം 2018-19 സാമ്പത്തിക വർഷത്തിൽ ജീവനക്കാർക്ക് ഭവന നിർമ്മാണ വായ്പ അനുവദിക്കുവാനായി വിവിധ സർക്കാർ വകുപ്പുകളിലേയ്ക്ക് രണ്ടാം ഘട്ടമായി അലോട്ട് ചെയ്ത് തുക കൈപ്പറ്റുന്നതിനുള്ള തീയതി 30/11/2018- വരെ ദീർഘിപ്പിച്ചിരിക്കുന്നു. ആവശ്യമെങ്കിൽ എല്ലാ വകുപ്പ് തലവൻമാരും ഭവന വായ്പ അനുവദിക്കുന്ന അധികാരികളും വ്യക്തിഗത ഉത്തരവ്/നടപടിക്രമം പുറപ്പെടുവിക്കുകയും 30/11/2018-നകം വായ്പാ തുക പിൻവലിച്ചിരിക്കണം എന്ന് ഉറപ്പുവരുത്തുകയും ചെയ്യണം. വായ്പാ തുക ടി തീയതിക്കകം പിൻവലിച്ചിട്ടില്ലെങ്കിൽ ആയത് സർക്കാരിലേക്ക് സറണ്ടർ ചെയ്യുകയും വേണം. സൂചന-2- ലെ

അലോട്ട്മെന്റ് കത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന കൺസോളിഡേറ്റഡ് സ്റ്റേറ്റ്മെന്റ് സർക്കാരിലേക്ക് അയച്ചുനൽകുകയും വേണം.

**വി. രാജപ്പൻ**

**സ്പെഷ്യൽ സെക്രട്ടറി(ധനകാര്യം)**

പകർപ്പ്:-

1) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം.
2) അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ) കേരള തിരുവനന്തപുരം .
3) എല്ലാ വകുപ്പ്/ഓഫീസ് തലവൻമാർക്കും
4) എല്ലാ ജില്ലാ കളക്ടർമാർക്കും.
5) ട്രഷറി ഡയറക്ടർ തിരുവനന്തപുരം.
6) എല്ലാ ജില്ലാ ട്രഷറികളുടേയും /സബ് ട്രഷറികളുടേയും ഓഫീസർമാർക്കും.
7) നോഡൽ ഓഫീസർ ,വെബ്സൈറ്റ് (ഫിനാൻസ്).
8) കരുതൽ ഫയൽ/ഓഫീസ് പകർപ്പ് .

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ